**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2201** | **01-09-2022 - ൽ മറുപടിയ്ക്ക്**

**പുതിയ റേഷൻ കടകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റേഷൻ കടകൾക്കാണ് പുതുതായി അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 22 റേഷൻ കടകൾ. വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു |
| (ബി) | പുതുതായി ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ബി) | 1) അപേക്ഷ നൽകുന്ന വർഷം ജനുവരി ഒന്നിന 21 വയസ്സ് പൂർത്തിയായിരിക്കണം.<br><br>2) ലൈസൻസി മരിച്ചതിനുശേഷം അനന്തരാവകാശിക്കു ലൈസൻസ് അനുവദിക്കാൻ അപേക്ഷ സമർപ്പിക്കുന്ന വർഷ ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിരിക്കണം.<br><br>3) അപേക്ഷ നൽകുന്ന വർഷം ജനുവരി ഒന്നിന 62 വയസ്സിൽ കൂടാൻ പാടില്ല.<br><br>4) കേരള ബോർഡ് ഓഫ് എക്സാമിനേഷന്റെ 10ാം ക്ലാസ്സ് അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.<br><br>5) റേഷൻ കട നടത്തുന്നതിന് ലൈസൻസിക്ക ശാരീരിക, മാനസികാരോഗ്യം ഉണ്ടായിരിക്കണ<br><br>6) അപേക്ഷ നൽകുന്ന തീയതിക്കുമുൻപ് റേഷന കട സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയം ഭരണ പ്രദേശത്ത് 3 വർഷം സ്ഥിരതാമസമുണ്ടായിരിക്കണം. അതേ വാർഡിൽ സ്ഥിരതാമസമുള്ള അപേക്ഷകന് മുൻഗണന ഉണ്ടായിരിക്കും. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ സംവരണ വിഭാഗങ്ങൾക്ക് റേഷൻ കട സ്ഥിതി ചെയ്യുന്ന താലൂക്കിൽ സ്ഥിരതാമസം ഉണ്ടായാൽ മതി.<br><br>7) വ്യക്തിഗത അപേക്ഷകളിൽ യോഗ്യതാ മാനദണ്ഡങ്ങൾ കണക്കാക്കുമ്പോൾ പ്രായത്തിര |

| | | | |
|---|---|---|---|
| | | | മുതിർന്ന അപേക്ഷകർക്കും, 10 വർഷം പരിചയ സമ്പന്നരായ സെയിൽസ്.മാൻമാർക്കും മുൻഗണന നൽകുന്നതാണ്. |
| (സി) | പുതുതായി ലൈസൻസ് നൽകുന്നതിൽ പട്ടിക വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 ന്റെ ഖണ്ഡിക 33(1) പ്രകാരം റേഷൻ കട ലൈസൻസി നിയമനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു യഥാക്രമം 8%, 2% എന്ന രീതിയിൽ സംവരണം നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ഓരോ ജില്ലയിലുമുള്ള റേഷൻ കടകളുടെ ആകെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ, മേൽപ്പറഞ്ഞ സംവരണ വിഭാഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി, ഒരു വിഭാഗത്തിനും സംവരണ ആനുകൂല്യം നഷ്ടം വരാതെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും കെ.റ്റി.പി.ഡി.എസ്. (കൺട്രോൾ) ഓർഡർ, 2021 ന് മുൻപും ശേഷവും ഉണ്ടായ ഒഴിവുകളിൽ സംവരണ വിഭാഗങ്ങളിലെ ക്വാട്ട നികത്തിയതിന് ശേഷം മാത്രമേ പൊതു വിഭാഗങ്ങളിൽ നിന്നും വിജ്ഞാപനം സ്വീകരിക്കാവൂ എന്ന് ഖണ്ഡിക 33(2)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നിരിക്കെ സംവരണ ഒഴിവുകൾ പൂർണ്ണമായും നികത്തിയതിനുശേഷം പൊതുവിഭാഗം ഉൾപ്പെടെയുള്ള ഒരു വിഭാഗത്തിനും അവസര നഷ്ടം ഉണ്ടാകാതിരിക്കുന്നതിനായി പി.എസ്.സി. നിയമന രീതിയ്ക്ക് സമാനമായ റൊട്ടേഷൻ ചാർട്ടിനനുസൃതമായി ലൈസൻസി നിയമനം നടത്തുന്നതിന് 06/12/2021 ലെ സ.ഉ(കൈ) നം. 35/2021/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ലൈസൻസി നിയമനത്തിന് ജില്ലാതലത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ജില്ല | താലൂക്ക് | ഗ്രാമപഞ്ചായത്ത് / സ്ഥലം | ഉത്തരവ് നമ്പർ |
|---|---|---|---|---|
| 1 | ഇടുക്കി | ദേവികുളം | ദേവികുളം– കുറ്റിയാർവാലി | സ.ഉ.(സാധാ) നം. 324/2021/ഭ.പൊ.വി.വ തീയതി. 17.08.2021 |
| 2 | കണ്ണൂർ | തളിപ്പറമ്പ് | നടുവിൽ – പോത്തുംകുണ്ട് | സ.ഉ.(സാധാ) നം. 441/2021/ഭ.പൊ.വി.വ തീയതി. 08.11.2021 |
| 3 | കണ്ണൂർ | തളിപ്പറമ്പ് | പരിയാരം – അമ്മാനപ്പാറ | സ.ഉ.(സാധാ) നം. 457/2021/ഭ.പൊ.വി.വ തീയതി. 17.11.2021 |
| 4 | കോഴിക്കോട് | കോഴിക്കോട് | പെരുമണ്ണ – പെരുമൺപുറ | സ.ഉ.(സാധാ) നം. 451/2021/ഭ.പൊ.വി.വ തീയതി. 11.11.2021 |
| 5 | തൃശ്ശൂർ | കുന്നംകുളം | ആനായ്ക്കൽ | സ.ഉ.(സാധാ) നം. 527/2021/ഭ.പൊ.വി.വ തീയതി. 23.12.2021 |
| 6 | തൃശ്ശൂർ | ചാവക്കാട് | പുന്ന | സ.ഉ.(സാധാ) നം. 16/2022/ഭ.പൊ.വി.വ തീയതി. 18.01.2022 |
| 7 | കോട്ടയം | കാഞ്ഞിരപ്പള്ളി | പാറത്തോട് – ഊരയ്ക്കനാട് | സ.ഉ.(സാധാ) നം. 33/2022/ഭ.പൊ.വി.വ തീയതി. 08.02.2022 |
| 8 | ആലപ്പുഴ | ചെങ്ങന്നൂർ | വെൺമണി – ഉളിയന്തറ | സ.ഉ.(സാധാ) നം. 49/2022/ഭ.പൊ.വി.വ തീയതി. 21.02.2022 |
| 9 | കണ്ണൂർ | ഇരിട്ടി | പായം പഞ്ചായത്ത് – കേളൻ പീടിക | സ.ഉ.(സാധാ) നം. 50/2022/ ഭ.പൊ.വി.വ തീയതി. 21.02.2022 |
| 10 | തിരുവനന്തപുരം | ചിറയിൻകീഴ് | അഴൂർ ഗ്രാമപഞ്ചായത്ത് – ആറടിപ്പാത | സ.ഉ.(സാധാ) നം. 61/2022/ ഭ.പൊ.വി.വ തീയതി. 24.02.2022 |
| 11 | തൃശ്ശൂർ | ചാവക്കാട് | കടപ്പുറം പഞ്ചായത്ത് – മാട്ടുമ്മൽ | സ.ഉ.(സാധാ) നം. 62/2022/ ഭ.പൊ.വി.വ തീയതി. 24.02.2022 |
| 12 | തിരുവനന്തപുരം | വർക്കല | ചെമ്മരുതി പഞ്ചായത്ത്– മാവിൻമൂട് ഭവാനി ജംഗ്ഷനിൽ | സ.ഉ.(സാധാ)നം.69/2022/ ഭ.പൊ.വി.വ തീയതി. 26/02/2022 |

| | | | | |
|---|---|---|---|---|
| 13 | കോഴിക്കോട് | വടകര | വില്യാപ്പിള്ളി പഞ്ചായത്ത്– ബാങ്ക് റോഡ്(13ാം വാർഡ്) | സ.ഉ.(സാധാ)നം.107/2022/ ഭ.പൊ.വി.വ തീയതി. 26/03/2022 |
| 14 | കോഴിക്കോട് | വടകര | വില്യാപ്പിള്ളി പഞ്ചായത്ത്– വൈക്കിലിശ്ശേരി(19ാം വാർഡ്) | സ.ഉ.(സാധാ)നം.177/2022/ ഭ.പൊ.വി.വ തീയതി. 20/05/2022 |
| 15 | കാസർഗോഡ് | ഹോസ്ദുർഗ്ഗ് | തൃക്കരിപ്പൂർ പഞ്ചായത്ത്– ഇടയിലക്കാട്(വാർഡ് –2) | സ.ഉ.(സാധാ)നം.228/2022/ ഭ.പൊ.വി.വ തീയതി. 04/07/2022 |
| 16 | കോട്ടയം | മീനച്ചിൽ | തിടനാട് പഞ്ചായത്ത് – വാര്യാനിക്കാട് (വാർഡ് – 7) | സ.ഉ.(സാധാ)നം.250/2022/ ഭ.പൊ.വി.വ തീയതി. 25/07/2022 |
| 17 | കോട്ടയം | മീനച്ചിൽ | പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് – ചോലത്തടം (വാർഡ് – 10) | സ.ഉ.(സാധാ)നം.253/2022/ ഭ.പൊ.വി.വ തീയതി. 26/07/2022 |
| 18 | കോഴിക്കോട് | കോഴിക്കോട് | ഒളവണ്ണ പഞ്ചായത്ത് – തിരുത്തിമ്മൽതാഴത്ത് (വാർഡ് – 5) | സ.ഉ.(സാധാ)നം.256/2022/ ഭ.പൊ.വി.വ തീയതി. 26/07/2022 |
| 19 | കോഴിക്കോട് | വടകര | ആയഞ്ചേരി പഞ്ചായത്ത്– മുക്കടത്തുംവയൽ | സ.ഉ.(സാധാ)നം.268/2022/ ഭ.പൊ.വി.വ തീയതി. 27/07/2022 |
| 20 | മലപ്പുറം | തിരൂരങ്ങാടി | മുന്നിയൂർ പഞ്ചായത്ത് – പാറക്കാവ് (വാർഡ് – 14) | സ.ഉ.(സാധാ) നം.281/2022/ ഭ.പൊ.വി.വ തീയതി. 03.08.2022 |
| 21 | തിരുവനന്തപുരം | നെയ്യാറ്റിൻകര | ബാലരാമപുരം ഗ്രാമപഞ്ചായത്ത് – വില്ലിക്കുളം (വാർഡ്–3) | സ.ഉ.(സാധാ) നം.283/2022/ ഭ.പൊ.വി.വ തീയതി. 04.08.2022 |
| 22 | ഇടുക്കി | തൊടുപുഴ | ഇടവെട്ടി ഗ്രാമ പഞ്ചായത്ത് – ഇടവെട്ടിച്ചിറ (വാർഡ്–1) | സ.ഉ.(സാധാ) നം.291/2022/ ഭ.പൊ.വി.വ തീയതി. 06.08.2022 |